## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 11 — 26.09.2016-ൽ മറുപടിയ്ക്ക്

## മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നതുമൂലമുള്ള അപകടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ബഷീർ<br>ശ്രീ. അബ്ദുൽ ഹമീദ്. പി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | | ശ്രീ. പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) ഡ്രൈവർമാർ മദ്യപിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുന്നതുമൂലം അപകട നിരക്ക് വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഡ്രൈവർമാർ മദ്യപിച്ച് കൊണ്ട് വാഹനങ്ങൾ ഓടിക്കുന്നതുമൂലം ഉണ്ടായ അപകടങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വർഷം | അപകടങ്ങളുടെ എണ്ണം | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ |
|---|---|---|---|
| 2011 | 119 | 3 | 14 |
| 2012 | 136 | 7 | 17 |
| 2013 | 133 | 14 | 30 |
| 2014 | 138 | 10 | 27 |
| 2015 | 163 | 10 | 22 |

| | | |
|---|---|---|
| (ബി) കെ.എസ്.ആർ.ടി.സി, ഐ.എസ്.ആർ.ഒ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ വാഹന ഡ്രൈവർമാർ പലപ്പോഴും മദ്യലഹരിയിൽ അമിത വേഗത്തിൽ വാഹനമോടിച്ച് അപകടമുണ്ടാക്കുന്നത് | (ബി) & (സി) | ലക്ഷോപലക്ഷം വാഹനങ്ങൾ നിരത്തിലോടുന്ന സാഹചര്യത്തിൽ എല്ലാ ഡ്രൈവർമാരുടേയും അശ്രദ്ധ കൊണ്ടും , അമിത വേഗത കൊണ്ടും അപകടമുണ്ടാകാനിടയുണ്ട്. സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിലെ ഡ്രൈവർമാർ എന്നിവർക്ക് മാത്രമായി ഡ്യൂട്ടിയിൽ |

| | |
|---|---|
| സംബന്ധിച്ച കണക്കുകൾ പരിശോധിക്കുമോ ; | |
| (സി) ഇത്തരം ഡ്രൈവർമാർ ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോൾ മദ്യലഹരിയിലല്ലെന്നും ഡ്യൂട്ടിക്കിടെ മദ്യപിക്കുന്നില്ലെന്നും ഉറപ്പാക്കാനുള്ള ഉത്തരവാദിത്തം അതതു സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് നിയമ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റം വരുത്തി അപകട നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | പ്രവേശിക്കുന്ന വേളയിൽ മദ്യലഹരിയിലല്ലെന്നും , ഡ്യൂട്ടിയ്ക്കിടെ മദ്യപിക്കുന്നില്ലെന്നും ഉറപ്പാക്കത്തക്ക വിധം നിയമ നിർമ്മാണം നടത്തുന്നത് അപ്രായോഗികമാണ്. മദ്യപിച്ച് വാഹനമോടിക്കുന്നതും ഡ്യൂട്ടിയ്ക്കിടയിൽ മദ്യപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോൾ തന്നെ മതിയായ വ്യവസ്ഥകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ